(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിൽ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ന്റെ ഭാഗമായി ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ട്.

(ബി) വിവര സാങ്കേതികവിദ്യയുടെ പ്രയോജനം ഭരണ നിർവ്വഹണത്തിൽ ലഭ്യമാക്കുകയും അതുവഴി ഭരണം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് എന്ന സംസ്ഥാന സർക്കാർ സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ഇൻഫ്രാസ്ട്രക്ചർ നിയമം

28 (4643) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണബോർഡിന്റെ നേതൃത്വത്തിൽ ഇൻഫ്രാസ്ട്രക്ചർ നിയമം രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡ് ഒരു കരട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ബില്ലിന് രൂപം നൽകി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 25 കോടി രൂപയ്ക്കുമേൽ അടങ്കലുള്ള പൊതു മേഖലയിലും പൊതു-സ്വകാര്യ പങ്കാളിത്തത്തിലും നടപ്പിലാക്കുന്ന എല്ലാ പ്രോജക്ടുകളും പരിശോധിക്കുകയും അനുമതി നൽകുകയും ചെയ്യുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ഇൻഫ്രാസ്ട്രക്ചർ ബോർഡിന് രൂപം നൽകാനും അതിന് ആനുഷംഗികമായ സംഗതികളും ബില്ലിൽ ലക്ഷ്യമിടുന്നു.

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

**മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിൽ ഓൺലൈൻ സംവിധാനം**

29 (4644) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് ഓൺലൈൻ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ആരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷം മുതൽ പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള 'പ്ലാൻ സ്പേസ്' എന്ന ഓൺലൈൻ സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശം മിഷൻ 676-ന്റെ ഭാഗമായി ആസൂത്രണ ബോർഡിൽനിന്നും ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly